# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-*** 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 ഏപ്രിൽ 4**

---

## രാജ്യാന്തര വേദിയിൽ തിളങ്ങി എം.ജി സർവകലാശാല യു3എ

*മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി ഓഫ് ദ തേഡ് ഏജിന്റെ രാജ്യാന്തര സമ്മേളന വേദിയിൽ മഹാത്മാ ഗാന്ധി സർവകലാശാലയിലെ യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്ക് പ്രശംസ. ഹോങ്കോംഗ് മെട്രോപ്പോളീറ്റൻ സർവകലാശാലയിൽ നടന്ന അസോസിയേഷൻ ഓഫ് ദ ഇന്റർനാഷണൽ യൂണിവേഴ്സിറ്റി ഓഫ് ദ തേഡ് ഏജിന്റെ(എഐയുടിഎ) ഏഷ്യ ഇന്റർനാഷണൽ കോൺഫറൻസാണ് സംഘടനയുടെ എം.ജി സർവകലാശാല കേന്ദ്രീകരിച്ചുള്ള പ്രവർത്തനം വേറിട്ട മാതൃകയാണെന്ന് വിലയിരുത്തിയത്.*

*പ്രവർത്തനമാരംഭിച്ച് കേവലം രണ്ടു വർഷത്തിനുള്ളിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സാന്നിധ്യമറിയിച്ചതും മുതിർന്ന പൗരൻമാർക്കായി രാജ്യാന്തര നിലവാരത്തിൽ വൈവിധ്യമാർന്ന  കർമ്മപരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കിയതും എംജി യു3എയുടെ വലിയ നേട്ടമാണെന്ന് ഇന്റർനാഷണൽ അസോസിയേഷൻ പ്രസിഡന്റ് പ്രഫ. ഫ്രാൻസോ വെല്ലാസ് വിലയിരുത്തി. എംജിയു3എയുടെ ന്യൂസ് ലെറ്ററിന്റെ പ്രകാശനവും അദ്ദേഹം നിർവഹിച്ചു. ഹോങ്കോംഗ് മെട്രോപ്പൊളീറ്റൻ യൂണിവേഴ്സിറ്റി പ്രസിഡന്റ് പ്രഫ. പോൾ ലാം ക്വാൻ സിംഗ്  മുഖ്യ പ്രഭാഷണം നടത്തി.*

*വൈസ് ചാൻസലർ ഡോ. സി.ടി അരവിന്ദകുമാറിന്റെ നേതൃത്വത്തിൽ എംജി സർവകലാശാല യു3എയെ പ്രതിനിധീകരിച്ച് 22 അംഗ സംഘമാണ് പരിപാടിയിൽ പങ്കെടുത്തത്. സമ്മേളനത്തിന്റെ ഉദ്ഘാടനച്ചടങ്ങിൽ ഡോ. അരവിന്ദകുമാർ മുഖ്യാതിഥിയായിരുന്നു. ഗവേണിംഗ് ബോർഡ് യോഗത്തിലും മേഖലാതല റൗണ്ട് ടേബിൾ യോഗത്തിലും എംജിയു3എ ഡയറക്ടർ ഡോ. ടോണി കെ. തോമസ് സംഘടനയുടെ സർവകലാശാലയിലെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. യു3എ അഡ്വൈസറി ബോർഡ്*

*അംഗവും സർവകലാശാലാ സിൻഡിക്കേറ്റ് അംഗവുമായ ഡോ. കെ.ആർ. ബൈജുവും സംഘത്തിലുണ്ടായിരുന്നു.*

*ചടങ്ങിൽ പങ്കെടുത്ത ഹോങ്കോംഗിലെ ഇന്ത്യൻ കോൺസുലർ ജനറൽ സത്വന്ത് ഖനാലിയയും എംജിയു3എയുടെ പ്രവർത്തനങ്ങളെ പ്രശംസിച്ചു. 28 രാജ്യങ്ങളിൽനിന്നുള്ള 120 പ്രതിനിധികൾ പങ്കെടുത്ത സമ്മേളനത്തിൽ എം.ജി സർവകലാശാലാ സംഘം കലാപരിപാടികളും അവതരിപ്പിച്ചു. കോൺസുലർ ജനറലിന്റെ ക്ഷണം സ്വീകരിച്ച് എംജിയു3എ സംഘം ഇന്ത്യൻ കോൺസുലേറ്റിൽ സന്ദർശനം നടത്തി.*

*ഹോങ്കോംഗിലെ സമ്മേളന വേദിയിൽ ലഭിച്ച അംഗീകാരം എംജിയു3എയുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് പ്രോത്സാഹനമാകുമെന്ന് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പറഞ്ഞു.*

ഫോട്ടോ ക്യാപ്ഷൻ...

MGU3A 1

*ഹോങ്കോംഗ് മെട്രോപ്പോളീറ്റൻ സർവകലാശാലയിൽ നടന്ന അസോസിയേഷൻ ഓഫ് ദ ഇന്റർനാഷണൽ യൂണിവേഴ്സിറ്റി ഓഫ് ദ തേഡ് ഏജിന്റെ ഏഷ്യ ഇന്റർനാഷണൽ കോൺഫറൻസിൽ എംജിയു3എയുടെ ന്യൂസ് ലെറ്റർ അസോസിയേഷൻ പ്രസിഡന്റ് പ്രഫ. ഫ്രാൻസോ വെല്ലാസ് പ്രകാശനം ചെയ്യുന്നു. എം.ജി സർവകലാശാലാ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ സമീപം.*

MGU3A 2

*വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാറിന്റെ നേതൃത്വത്തിലുള്ള മഹാത്മാ ഗാന്ധി സർവകലാശാലാ സംഘം ഹോങ്കോംഗ് മെട്രോപ്പോളീറ്റൻ സർവകലാശാലയിലെ അസോസിയേഷൻ ഓഫ് ദ ഇന്റർനാഷണൽ യൂണിവേഴ്സിറ്റി ഓഫ് ദ തേഡ് ഏജിന്റെ ഏഷ്യ ഇന്റർനാഷണൽ കോൺഫറൻസ് വേദിയിൽ.*

MGU3A 3

*ഹോങ്കോംഗ് മെട്രോപ്പോളീറ്റൻ സർവകലാശാലയിലെ അസോസിയേഷൻ ഓഫ് ദ ഇന്റർനാഷണൽ യൂണിവേഴ്സിറ്റി ഓഫ് ദ തേഡ് ഏജിന്റെ ഏഷ്യ ഇന്റർനാഷണൽ കോൺഫറൻസിൽ പങ്കെടുക്കാനെത്തിയ എം.ജി സർവകലാശാലാ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, എംജിയു3എ ഡയറക്ടർ ഡോ. ടോണി കെ.തോമസ്, ഉപദേശക സമിതി അംഗം ഡോ. കെ.ആർ. ബൈജു എന്നിവർ ഹോങ്കോംഗിലെ ഇന്ത്യൻ കോൺസുലേറ്റിൽ കോൺസുലർ ജനറൽ സത്വന്ത് ഖനാലിയയ്ക്കും മറ്റ് ഉദ്യോഗസ്ഥർക്കുമൊപ്പം.*

*(പി.ആർ.ഒ/39/1458/2025)*

## <u>പരീക്ഷാ ഫലം</u>

*മൂന്നാം സെമസ്റ്റർ പിജിസിഎസ്എസ് എംഎ ബിസിനസ് ഇക്കണോമിക്സ്, (2023 അഡ്മിഷൻ റഗുലർ, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, ഒക്ടോബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഏപ്രിൽ 19 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

....................

*മൂന്നാം സെമസ്റ്റർ പിജിസിഎസ്എസ് എംഎസ്സി സ്റ്റാറ്റിസ്റ്റിക്സ് വിത്ത് ഡാറ്റാ സയൻസ്, എംഎസ്സി ബോട്ടണി (2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, ഒക്ടോബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഏപ്രിൽ 19 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

........................

*മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ അപ്ലിക്കേഷൻ (2023 അഡ്മിഷൻ റഗുലർ, 2021, 2022 അഡ്മിഷനുകൾ സപ്ലിമെന്ററി, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് നവംബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഏപ്രിൽ 19 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1459/2025)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*അഞ്ചാം സെമസ്റ്റർ ഐഎംസിഎ (2022 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2017 അഡ്മിഷൻ മെഴ്സി ചാൻസ്), അഞ്ചാം സെമസ്റ്റർ ഡിഡിഎംസിഎ (2015, 2016 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഏപ്രിൽ 11 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഏപ്രിൽ 15 വരെയും സൂപ്പർ ഫൈനോടുകൂടി ഏപ്രിൽ 16 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1460/2025)*

## പ്രാക്ടിക്കൽ

*ആറാം സെമസ്റ്റർ ബിഎ സിബിസിഎസ് (പുതിയ സ്കീം, 2022 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് മാർച്ച് 2025) പരീക്ഷയുടെ ബിഎ മ്യൂസിക് വോക്കൽ, വയലിൻ, ഭരതനാട്യം, ചെണ്ട, മോഹിനിയാട്ടം പ്രാക്ടിക്കൽ പരീക്ഷകൾ ഏപ്രിൽ 15 മുതൽ 26 വരെ തീയതികളിൽ*

*തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

*..................*

*ഏഴാം സെമസ്റ്റർ ഐഎംസിഎ (2021 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2020 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2017 അഡ്മിഷൻ മെഴ്സി ചാൻസ്), ഏഴാം സെമസ്റ്റർ ഡിഡിഎംസിഎ (2015, 2016 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഏപ്രിൽ ഏഴ്, എട്ട്, ഒമ്പത്, 11 തീയതികളിൽ നടക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ*

*(പി.ആർ.ഒ/39/1461/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**